# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 131

14-12-2012 ൽ മറുപടിയ്ക്ക്

## നെല്ലുല്പാദനം

| **ചോദ്യം** | **മറുപടി** |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നെല്ലുല്പാദനം വർദ്ധിപ്പിക്കേണ്ടത് സംബന്ധിച്ച സർക്കാർ നിലപാട് വിശദമാക്കാമോ; | (എ) ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ആയതിലേയ്ക്കായി സുസ്ഥിര നെൽക്കൃഷി- തരിശു നെൽക്കൃഷി, കരനെൽക്കൃഷി, നെല്ലുസംഭരണം, ഉല്പാദന ബോണസ് എന്നീ പദ്ധതികൾ വിവിധ നിരക്കിലുള്ള ആനുകൂല്യം നല്കി സർക്കാർ നടപ്പിലാക്കി വരുന്നു. വിവിധ പദ്ധതികൾക്കായി 19460 ലക്ഷം രൂപ 2012-2013 വർഷം നീക്കി വച്ചിട്ടുണ്ട്. |
| (ബി) നെല്ലിന്റെ കുറവ് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് നെല്ല് ഇറക്കുമതി ചെയ്ത് പരിഹരിക്കണമെന്ന കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ ഇക്കാര്യം മാധ്യമങ്ങളോടു പറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഈ നിലപാടിനോട് സംസ്ഥാന സർക്കാർ യോജിക്കുന്നുണ്ടോ; | (സി) ഇല്ല.<br>ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ അരിയുടെ ആവശ്യകതയും നെല്ലിന്റെ ഉല്പാദനവും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ഡി) | സംസ്ഥാനത്തെ ജനസംഖ്യ മൂന്നു കോടിയിൽ കൂടുതലാണ്. ഒരാൾക്ക് ഏകദേശം 350 ഗ്രാം ഭക്ഷ്യധാന്യം ഒരു ദിവസത്തേയ്ക്ക് ആവശ്യമുള്ളതായി കണക്കാക്കിയിരിക്കുന്നു. അതായത് ഒരു വർഷത്തേയ്ക്ക് ഏകദേശം 40 ലക്ഷം ടൺ അരി സംസ്ഥാനത്ത് ആവശ്യമുണ്ട്. കേരളത്തിലെ അരിയുടെ ഉല്പാദനം ഏകദേശം 6 ലക്ഷം ടൺ മാത്രമാണ്. ആവശ്യമുള്ള അരിയുടെ ഏകദേശം 20% മാത്രമേ നമുക്ക് ഉല്പാദിപ്പിക്കുവാൻ കഴിയുന്നുള്ളൂ. |
| (ഇ) | ഭൂവിനിയോഗം സ്വകാര്യ ഭൂ ഉടമകളുടെ തീരുമാനത്തിന് വിട്ടുകൊടുക്കാനുള്ള നീക്കം നെൽക്കൃഷിയെ പ്രതികൂല മായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ? | (ഇ) | നെൽക്കൃഷി ചെയ്യുന്ന പാടങ്ങൾ മറ്റാവശ്യങ്ങൾക്കായി മാറ്റപ്പെടുന്നത് തടയുന്നതിനായി കേരള ലാന്റ് യൂട്ടിലൈസേഷൻ ആക്ട് 1967 നിലവിലുണ്ട്. തരിശുനിലങ്ങളിൽ കോൺട്രാക്ട് ഫാമിംഗ് പദ്ധതി പ്രകാരം നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്ത് ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ